LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ മേഖലകളിൽ തൊഴിൽ സംവരണം

167 (2376) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ തൊഴിൽ സംവരണം നടപ്പിലാക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വിഷയം പഠിക്കുന്നതിനായി സർക്കാർ തലത്തിൽ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ആരുടെ നേതൃത്വത്തിലെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചുവോ ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

സ്വകാര്യ ഏജൻസികളുടെ തൊഴിൽ തട്ടിപ്പ്

168 (2377) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭ്യസ്തവിദ്യരായ യുവാക്കൾ സ്വകാര്യ ഏജൻസികളുടെ തൊഴിൽ തട്ടിപ്പിനിരയാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിൽ നിന്ന് അവരെ മോചിപ്പിക്കാൻ തൊഴിൽ വകുപ്പിന്റെ കീഴിൽ റിക്രൂട്ട്മെന്റ് ഏജൻസികൾ ആരംഭിക്കാൻ മുൻകൈ എടുക്കുമോ ;

(ബി) വ്യാജ ഏജൻസികളെ ബ്ളാക്ക് ലിസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ 1977 മുതൽ പ്രവർത്തിക്കുന്ന ODEPC മുഖേന നഴ്സിംഗ് ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് വിദേശ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ടിംഗ് നടക്കുന്നുണ്ട്.